(ഇ) ആയുർവ്വേദസൂപ്രണ്ടിന്റെ ഇൻക്രിമെണ്ട് കൊടുക്കേണ്ടതു് കൊടുത്തു കഴിഞ്ഞുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടു് കൊടുത്തിട്ടില്ല?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഒരു പ്രാവശ്യം ന.ം—ർ—ൺ ർ൫/ ഫ വ്യ—ൻ— ഫ ഫ ം ം-ൽ.

(ബി), (സി), (ഡി) പരിശോധന ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് അതിന്മേൽ ആയുർവ്വേദ സൂപ്രണ്ടിന്റെ സമാധാനവും തുടർന്നുള്ള ഗവണ്മെണ്ടു് നടപടികളും ഈ ഘട്ടത്തിൽ പരസ്യപ്പെടുത്തുന്നതുകൊണ്ടു് ഉപയോഗപ്രദമായ യാതൊരു പൊതുകാര്യവും സാധിക്കുന്നതല്ല.

(ഇ) ഇൻക്രിമെണ്ടു് കൊടുത്തിട്ടില്ല. ഈ സംഗതി ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു.

CENTRAL AYURVEDIC HOSPITAL, TRICHUR—VISIT BY HON'BLE MINISTER

623. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം ഉത്തരം നൽകുമോ.—

(എ) തൃശ്ശിവപേരൂർ സെൻട്രൽ ആയുർവ്വേദാശുപത്രി ഫ ഫ ഫ-ൽ എത്ര പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രി സന്ദർശിച്ചിട്ടുണ്ടു്;

(ബി) ഈ സന്ദർശനഫലമായി അദ്ദേഹത്തിനു് ആശുപത്രിയുടെ മേൽനോട്ടം, നടത്തിപ്പു്, ശുചീകരണം മുതലായവയെപ്പറ്റി ഉണ്ടായ അഭിപ്രായം അപ്പോഴൊ, പിന്നീടൊ രേഖപ്പെടുത്തുകയുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ അഭിപ്രായം എന്തായിരുന്നുവെന്നു് സദയം പറയുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഒരു പ്രാവശ്യം.

(ബി) ഉണ്ടു്.

(സി) മന്ത്രിയുടെ അഭിപ്രായം ഈ ഘട്ടത്തിൽ പരസ്യപ്പെടുത്തുന്നതു കൊണ്ടു്, ഉപയോഗപ്രദമായ യാതൊരു പൊതുകാര്യവും സാധിക്കാവുന്നതല്ല.

VISHA VAIDYANS—CENTRAL AYURVEDIC HOSPITAL

624. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു സദയം ഉത്തരം നൽകുമോ.

(എ) തൃശ്ശിവപേരൂർ സെൻട്രൽ ആയുർവ്വേദാശുപത്രിയിൽ വിഷവൈദ്യന്മാരുണ്ടോ;

(ബി) ഒരു വിഷവൈദ്യൻ എപ്പോഴും ആശുപത്രിയിൽ (on duty) ഉണ്ടായിരിക്കണമെന്നു് നിയമമുണ്ടോ;

(സി) പരേതനായ ബാരിസ്റ്റർ കൃഷ്ണമേനവനെ വിഷംതീണ്ടിയ നിലയിൽ ഈ അടുത്തകാലത്തു് സെൻട്രൽ ആയുർവ്വേദാശുപത്രിയിൽ ചികിത്സാർത്ഥം കൊണ്ടുവരികയുണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആ സമയത്തു് ഡ്യൂട്ടിയിലുണ്ടായിരിക്കേണ്ട വിഷവൈദ്യൻ അവിടെ ഉണ്ടായിരുന്നോ;

(ഇ) അദ്ദേഹത്തെ (ബാരിസ്റ്റർ കൃഷ്ണമേനവനെ) ചികിത്സിച്ച വിഷം ഇറക്കി വീട്ടിലേക്കു മടക്കി അയച്ചുവോ;

(എഫ്) ചില വിഷപ്പാമ്പുകളുടെ കടിയേറ്റാൽ രക്തം ഛർദ്ദിച്ചു മരിയ്ക്കാറില്ലേ?

മിസ്റ്റർ പറമ്പിലോനപ്പൻ:

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) സംശയിച്ചു കൊണ്ടുവരികയുണ്ടായി.

(ഡി) ഉവ്വു്.

(ഇ) വിഷം കേറിയ ലക്ഷണങ്ങൾ ഒന്നും ഇല്ലാതിരുന്നതിനാൽ വിഷംഇറക്കാൻ ഒന്നും ഉണ്ടായിരുന്നില്ല. Preventive ആയി ചികിത്സകൾ ചെയ്യുകയുണ്ടായി.

(എഫ്) ചില വിഷപ്പാമ്പുകൾ കടിച്ചാൽ ചോര ഛർദ്ദിയ്ക്കൽ ഒരു ലക്ഷണമായി കാണാറുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly